# സദ്ഗമയ

## എറണാകുളം ഡയറ്റ്
## 2017–18
## അക്കാദമിക വർഷത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ സംഗ്രഹം.

### ആമുഖം.

വിദ്യാഭ്യാസ രംഗത്തിന്റെ ഭൗതികവും അക്കാദമികവും സാംസ്കാരികവുമായ ഭാവങ്ങളെ കാലത്തിനനുസരിച്ച് മാറ്റിയെടുക്കുന്നതിനും ഒപ്പം ചരിത്രത്തോട് നീതിപുലർത്തുന്ന ജനകീയവിദ്യാഭ്യാസമാതൃക രൂപപ്പെടുത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് 2017 അക്കാദമിക വർഷം മുതൽ കേരള സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന സമഗ്രമായ വിദ്യാലയ നവീകരണ പരിപാടിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം.

യജ്ഞത്തിന്റെ മുന്നോടിയായി സർക്കാർ പുറത്തിറക്കിയ മാർഗരേഖയിൽ കേരളത്തിലെ ഡയറ്റുകൾക്ക് ഭാവനാപൂർണമായ ചുമതലകളാണ് മുന്നോട്ടുവെച്ചിട്ടുള്ളത്.




- ✓ അക്കാദമിക പ്രവർത്തന മാതൃകകൾ വികസിപ്പിക്കൽ.
- ✓ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ആവശ്യമായ പിന്തുണാസാമഗ്രികൾ വികസിപ്പിക്കൽ.
- ✓ പ്രവർത്തനങ്ങൾ മോണിറ്റർചെയ്യൽ.
- ✓ പരിശീലനങ്ങൾ, ശിൽപശാലകൾ എന്നിവ സംഘടിപ്പിക്കൽ.
- ✓ വിദ്യാലയ ഗുണമേന്മാ പദ്ധതിയുടെ ഭാഗമായി ഗവേഷണാത്മക പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ.
- ✓ നൂതന പ്രവർത്തനങ്ങൾ ആവിഷ്കരിക്കൽ.
- ✓ അക്കാദമിക അവലോകനം.
- ✓ പഠനങ്ങൾ

എന്നിവയാണ് അതിൽ സുപ്രധാനമായവ.

അതുകൊണ്ടുതന്നെ ജില്ലാതല വിദ്യാഭ്യാസ സംവിധാനം എന്നനിലയിൽ സ്വന്തം പ്രവർത്തനങ്ങളുമായി നേർരേഖയിൽ സഞ്ചരിക്കതെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രഖ്യാപിത ലക്ഷ്യപ്രാപ്തിക്കായി പൂരകമായി പ്രവർത്തിക്കുക എന്ന സമീപനമാണ് ഡയറ്റ് കൈക്കൊണ്ടത്.

അതിനാൽ എറണാകുളം ഡയറ്റിന്റെ 2017 വർഷത്തെ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ സാക്ഷാത്ക്കാരത്തിനായി ഡയറ്റിന് ഏതെല്ലാം നിലയിൽ പ്രവർത്തിക്കാനായി എന്നതിന്റെ അവലോകനം കൂടിയാണ് എന്ന് പറയാം.

കാലം ആവശ്യപ്പെടുന്ന ദൗത്യബോധം ഉൾക്കൊണ്ട് 2017 അക്കാദമിക വർഷത്തിൽ എറണാകുളം ഡയറ്റ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞസാക്ഷാത്കാരത്തിനായി നടപ്പാക്കിയ പ്രവർത്തനങ്ങളുടെ രേഖാചിത്രമാണ് ഈ ഡോക്യുമെന്റേഷൻ. അവതരണത്തിന്റെ സമഗ്രത നിലനിർത്തുന്നതിനായി മൊത്തം ഇടപെടലുകളെ

1. ആസൂത്രണം
2. പരിശീലനങ്ങൾ(പ്രീ സർവ്വീസ് & ഇൻസർവ്വീസ്)
3. മെറ്റീരിയൽ ഡവലപ്പ്മെന്റ്.
4. റിസർച്ച്.
5. ആസൂത്രണ-അവലോകന യോഗങ്ങൾ
6. റിസോർസ് സെന്റർ & ഡോക്യുമെന്റേഷൻ.
7. മോണിറ്ററിങ്.
8. നൂതന സംരഭങ്ങൾ(ഇന്നവേഷൻ)
9. ഇതര സംവിധാനങ്ങളുമായുള്ള ഏകോപനം
10. സ്ഥാപന-സാമൂഹ്യ ഇടപെടൽ
11. പ്രീ സർവ്വീസ് പ്രവർത്തനങ്ങൾ
12. ലാബ് സ്കൂൾ പ്രവർത്തനങ്ങൾ

എന്നീമേഖലകളിലായി സംഗ്രഹിച്ചിരിക്കുന്നു.

## അധ്യായം.1. ആസൂത്രണം

### 1.1. ആന്വൽ വർക്ക്പ്ലാൻ – കരട്




റിസർച്ച് & അക്ഷൻ റിസർച്ച്, റിസോർസ് സെന്റർ&ഡോക്യുമെന്റേഷൻ, ട്രെയ്നിങ്, ഇന്നവേഷൻ, കണ്ടന്റ് & മെറ്റീരിയൽ ഡവലപ്പ്മെന്റ്, ഓൺസൈറ്റ് സപ്പോർട്ട് എന്നിങ്ങനെ 6 മേഖലകളിലായി മൊത്തം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കാനാണ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും അനുമതിലഭിച്ചിട്ടുള്ളത്.

ഇതിന്റെ ഭാഗമായി ആദ്യംനടന്നത് ഡയറ്റിന്റെ ആന്വൽ വർക്ക്പ്ലാൻ രൂപീകരണപ്രക്രിയയാണ്.

2016-ലെ ഇടപെടലുകളിൽ നിന്നും ലഭിച്ച തിരിച്ചറിവുകൾ കൂടാതെ റിവ്യൂമീറ്റിങുകൾ, സ്കൂൾ വിസിറ്റുകൾ, പഠനങ്ങൾ എന്നിവയിലൂടെ ലഭിച്ച ഫീഡ്ബാക്കുകളും പരിഗണിച്ച് കരട് വർക്ക്പ്ലാൻ വർഷാരംഭത്തിൽതന്നെ രൂപീകരിക്കുകയുണ്ടായി.

### 1.2. തുടക്കം പി.എ.സി – യോഗത്തോടെ.

ഡയറ്റിന്റെ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിനും, ഫീഡ്ബാക്ക് ലഭ്യമാക്കി മെച്ചപ്പെടുത്തുന്നതിനും ഉദ്ദേശിച്ചുള്ള വിപുലമായ സഭയാണ് പി.എ.സി. എന്ന ചുരുക്കപ്പേരിലിള്ള പ്രോഗ്രാം അഡ്വൈസറി കമ്മറ്റി.

എം.എൽ.എ, ജില്ലാപഞ്ചായത്ത് പ്രസിഡണ്ട്, ഗ്രാമപഞ്ചായത്ത് തുടങ്ങിയ ജനപ്രതിനിധികളും ഡി.ഡി.ഇ, ആർ.ഡി.ഡി.ഇ, സി.ടി.ഇ പ്രിൻ

സിപ്പാൾ, ആർ.എം.എസ്.എ ,എസ്.എസ്.എ തുടങ്ങിയ പ്രോജക്ടുകളുടെ പ്രതിനിധികൾ,ഡി.ഇ.ഒ, എ.ഇ.ഒ, ബി.പി.ഒ, ഡി-എഡ് വിദ്യാർത്ഥികൾ എന്നിവയുടെ പ്രതിനിധികൾ, തുടർ സാക്ഷരതാ പരിപാടിയുടെയും എൻ,ജി,ഒ എന്നിവയുടെയും പ്രതിനിധികൾ തുടങ്ങി വിദ്യാഭ്യാസ സംവിധാനത്തിന്റെ പരിഛേദമാണ് പി.എ.സി.

2017 അക്കാദമിക വർഷത്തിന്റെ തുടക്കത്തിൽതന്നെ ഈ സഭയുടെ മീറ്റിങ് നടന്നു. അതിൽ കഴിഞ്ഞവർഷ പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും തുടർന്ന് നടപ്പ് വർഷത്തേക്ക് ഡയറ്റ് തയ്യാറാക്കിയ കരട് പ്ലാൻ ചർച്ചചെയ്യുകയും നിർദ്ദേശങ്ങൾ ക്രോഡീകരിക്കുകയുമുണ്ടായി.പരിമിതമായ അംഗബലത്തിലും പരിതാപകരമായ ഭൗതിക സൗകര്യത്തിലും തങ്ങളാൽ കഴിയുന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കാൻ ഡയറ്റ് കാണിച്ച ശ്രദ്ധയെ അംഗങ്ങൾ പ്രശംസിച്ചു.

അതോടൊപ്പം ഡയറ്റിന്റെ നിലവിലുള്ള അക്കാദമിക് സ്റ്റാഫിന്റെ എണ്ണക്കുറവിലും കെട്ടിടങ്ങളുടെ അപര്യാപ്തതയിലും സഭ ആശങ്ക പ്രകടിപ്പിച്ചു.

**പ്രതികരണങ്ങളിൽ പ്രസക്തമായവ.**

- ഹിന്ദി,ഗണിതം,ഇംഗ്ലീഷ് എന്നിവക്ക് പ്രത്യേക പരിപോഷണ പരിപാടികൾ വേണം.
- ഡി.എഡ് കരിക്കുലവുമായി ബന്ധപ്പെട്ട് പഠനം നടത്തണം.
- ഗവേഷണ പ്രവർത്തനങ്ങൾ കൂടുതൽ ഏറ്റെടുക്കണം
- ഹിന്ദി, അറബിക്ക്,ഉറുദു, സംസ്കൃതം തുടങ്ങിയ വിഷയങ്ങൾക്ക് പ്രാദേശിക പഠനസാമഗ്രികൾ തയ്യാറാക്കണം
-

### 1.3.വിദ്യാഭ്യാസ ഓഫീസർ മാരുടെ ആസൂത്രണ -അവലോകന യോഗങ്ങൾ.




വിഭാവന ചെയ്ത പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂട്ടായ ആലോചനയും ദിശാഗതി നിയന്ത്രണവും ആവശ്യമാണ്. പ്ലാൻ ചെയ്ത പരിപാടികൾ നടപ്പിൽ വരുത്തുമ്പോഴുണ്ടാകുന്ന പുതിയ ആവശ്യങ്ങൾ പരിഗണിക്കാനും കാലാനുസൃതമായ മാറ്റങ്ങൾ നിലവിലെ പദ്ധതിയിൽ ഉൾച്ചേർക്കാനും ഓഫീസേർസ് മീറ്റിന്റെ സംഘബലം ഏറെ സഹായകമായി. ഇത് കേവലം ഡയറ്റിന്റെ മാത്രം പ്രവർത്തനങ്ങൾ വിലയിരുത്താനുള്ള വേദിയല്ല. മറിച്ച് ജില്ലയിലെ ഡി.ഡി.ഇ, ആർ.ഡി.ഡി, ഡയറ്റ്, ആർ.എം.എസ്.എ, എസ്.എസ്.എ തുടങ്ങി സമസ്ത ഏജൻസികളുടെയും പ്രവർത്തനങ്ങൾ പങ്കുവെക്കുന്നതിനും വിലയിരുത്തുന്നതിനും പുതിയ പരിപാടികൾ ആവിഷ്കരിക്കുന്നതിനുമുള്ള വേദിയായി പരിണമിക്കുന്നു. കൂടിയിരിപ്പിന്റെ ഉൽപന്നമായി ജില്ലാതല പ്രവർത്തന കലണ്ടർ രൂപപ്പെടുകയും ഈ കലണ്ടറിനെ അടിസ്ഥാനമാകി ഏകോപിച്ച് പ്രവർത്തനങ്ങൾ നടത്താനുമായി എന്നതാണ് ഓഫീസേർസ്മീറ്റ്നൽകുന്ന പാഠം.

ഭാവിയിൽ പ്രാദേശിക സർക്കാറുകളുടെ പ്രാതിനിധ്യം കൂടി ഉണ്ടാകുന്ന തരത്തിലേക്ക് ഈ കൂട്ടായ്മ പരിണമിക്കേണ്ടതുണ്ട്.

## അധ്യായം.2. പരിശീലനങ്ങൾ.

ജില്ലാതലത്തിൽ ഡയറ്റിന് പുറമെ എസ്.എസ്.എ, ആർ.എം.എസ്.എ എന്നീ ഏജൻസികൾ അധ്യാപകശാക്തീകരണ പ്രവർത്തനങ്ങൾ നടത്താൻ ചുമതലപ്പെട്ടവരായുണ്ട്. ഒരേ കൂട്ടർക്ക് ഒന്നിൽ കൂടുതൽ ഏജ്ൻസികൾ പരിശീലനം നടത്തുന്നത് ഒഴിവാക്കാൻ ഇതര ഏജൻസികൾ നടത്താത്ത പരിശീലനങ്ങൾ മാത്രമാണ് ഡയറ്റ് ഈ വർഷം ഏറ്റെടുത്തിട്ടുള്ളത്.

### 2.1.കമ്പ്യൂട്ടർ പരിശീലനം -പ്രധാനാധ്യാപകർക്ക്.

നമ്മുടെ പ്രധാനാധ്യാപകരിൽ നല്ലൊരുശതമാനത്തിനും കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിൽ ആത്മവിശ്വാസ മില്ലാത്ത അവസ്ഥയുണ്ട്. എന്നാൽ അവരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളെല്ലാം കമ്പ്യൂട്ടർ ഉപയോഗിച്ച് മാത്രം ചെയ്യേണ്ടതാണ്. ഈ ഒരു വിപരീതസമസ്യ ഒരളവോളം പരിഹരിക്കുന്നതിനായി ഐ.ടി@സ്കൂളിന്റെ അക്കാദമിക സഹായത്താൽ ജില്ലയിലെ എല്ലാ പ്രധ്യാനാധ്യാപകർക്കും 3 ദിവസം നീണ്ടുനിൽക്കുന്ന പരിശീലനം നൽകുകയുണ്ടായി. ആവശ്യക്കാർക്ക് മാത്രം പരിശീലനം പരിമിതപ്പെടുത്തുക എന്ന സമീപനമാണ് ഇക്കാര്യത്തിൽ ഡയറ്റ് സ്വീകരിച്ചത്. അതിനാൽ കമ്പ്യൂട്ടർ പരിശീലനം വേണം എന്ന് ആവശ്യപ്പെട്ടവരെ എ.ഇ.ഒ-തലത്തിൽ തെരഞ്ഞെടുത്തുകൊണ്ടായിരുന്നു പരിശീലനം. ആവശ്യക്കാരായ എല്ലാവരിലേക്കും പരീലനാനുഭവങ്ങൾ എത്തിക്കാനായില്ലെങ്കിലും പങ്കെടുത്തവരെ പൂർണമായും തൃപ്തിപ്പെടുത്താനും തിരിച്ചറിവുണ്ടാക്കാനും പരിശീലനം സഹായകമായിട്ടുണ്ട്. ഇതിന്റെ തുടർച്ച വരുംവർഷങ്ങളിൽ ഏറ്റെടുക്കേണ്ടത് അവശ്യംആവശ്യമാണ് എന്നതാണ് പങ്കാളികൾ നൽകിയ ഫീഡ്ബാക്ക്.



### 2.2. അക്കാദമിക്ക് മാസ്റ്റർപ്ലാൻ. എന്ത്? എങ്ങനെ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ആദ്യപാദത്തിൽ സമഗ്ര വിദ്യാലയ വികസന പദ്ധതിയുടെ രൂപീകരണത്തിനാണ് പ്രാമുഖ്യം നൽകിയിരുന്നത്. എന്നാൽ ഈ പദ്ധതിയിൽ കൂടുതലും സ്കൂളുകളുടെ ഭൗതികസൗകര്യവികസനത്തിനുള്ള പദ്ധതികളായി പരിമിതപ്പെട്ട അവസ്ഥയുണ്ടായി. ഈ അവസ്ഥപരിഹരിക്കുന്നതിനും വിദ്യാലയത്തിന്റെ അക്കാദമിക ഗുണപരത വർദ്ധിപ്പിക്കുന്നതിനും വേണ്ടിയുള്ള അക്കാദമിക മാസ്റ്റർ പ്ലാൻ എന്ന ആശയം മുന്നോട്ടുവെക്കപ്പെട്ടു.എന്നാൽ സുവ്യക്തമായ ആശയധാരണ ഇക്കാര്യത്തിൽ സ്കൂൾതലത്തിൽ ഇല്ലാത്ത അവസ്ഥതിരിച്ചറിഞ്ഞ് ഡയറ്റിന്റെ നേതൃത്വത്തിൽ "***അക്കാദമിക്ക് മാസ്റ്റർപ്ലാൻ. എന്ത്? എങ്ങനെ?***" എന്ന ഹാൻഡ് ഔട്ട് തയ്യാറാക്കുകയും ആയത് പ്രയോജനപ്പെടുത്തി എല്ലാ പ്രധ്യാനാധ്യാപകർക്കും ഏകദിന പരിശീലനവും ഡയറ്റ് സം

ഘടിപ്പിക്കുകയുണ്ടായി. പരിശീലനത്തിൽ ലഭിച്ച ആശയത്തിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനവും തയ്യാറാക്കിയ മാസ്റ്റർപ്ലാൻ സ്കൂൾതലത്തിൽ സ്വയം വിലയിരുത്തി മെച്ചപ്പെടുത്തുന്നതിനുള്ള സൂചകങ്ങളും ഡയറ്റ് തയ്യാറാക്കി മുഴുവൻ ഹെഡ്മാസ്റ്റർമാർക്കും നൽകുകയുണ്ടായി.

മേൽ പറഞ്ഞ പരിശീലനങ്ങൾക്ക് പുറമെ

- ✓ ടി.ടി.ഐ പ്രിൻസിപ്പാൾമാർക്കുള്ള പരിശീലനം.
- ✓ മെന്റർ-മാർക്കുള്ള പരിശീലനം.
- ✓ ഹിന്ദി അധ്യാപകർക്കുള്ള പരിശീലനം
- ✓ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട പി.ടി.എ ശാക്തീകരണം.
- ✓ എൽ.എസ്.എസ്,യു.എസ്.എസ് പരീക്ഷയുമായി ബന്ധപ്പെട്ട് ചീഫ്,ഡെപ്യൂട്ടി ചീഫ് എന്നിവർക്കുള്ള പരിശീലനം

എന്നിവയും നടപ്പ്വർഷത്തിൽ ഡയറ്റ് നിർവ്വഹിക്കുകയുണ്ടായി.

## അധ്യായ.3. മെറ്റീരിയൽ ഡവലപ്പ്മെന്റ്

അധ്യാപക ശാക്തീകരണം ലക്ഷ്യംവെച്ച് സംസ്ഥാനതല ഏജൻസികളും വിദ്യാഭ്യാസവകുപ്പും നിർദ്ദേശിക്കുന്ന സാമഗ്രികളാണ് ഡയറ്റ് ഈ വർഷം ഏറ്റെടുത്തിട്ടുള്ളത്.

### 3.1. ചോദ്യപേപ്പർ നിർമാണം.

അധ്യാപകസംഘടനകളും ഇതരഏജൻസികളും ചോദ്യ പേപ്പർ നിർമ്മിക്കുന്ന രീതിക്ക് വർഷങ്ങൾക്കു മുമ്പേ വിരാമമിട്ടതാണ്. അതിനു ശേഷം സംസ്ഥാന- ജില്ലാതല ഏജൻസികൾ നിർമ്മിച്ച ചോദ്യപേപ്പറുകൾ സംസ്ഥാനതലത്തിൽ പ്രിന്റ് ചെയ്ത് സ്കൂളുകൾക്ക് സൗജന്യമായി നൽകുന്നരീതിയാണ് അനുവർത്തിക്കുന്നത്. 1 മുതൽ 7 വരെയുള്ള വിവിധ വിഷയങ്ങളുടെ ചോദ്യപേപ്പർ എസ്.എസ്.എ യുടെ നേതൃത്വത്തിലും 8 മുതൽ 10 വരെയുള്ള വിവിധ വിഷയങ്ങളുടെ ചോദ്യ പേപ്പറുകൾ ഡയറ്റുകളുടെ ചുമതലയിലുമാണ് നിർമിക്കപ്പെടുന്നത്.



ഓണപരീക്ഷക്കാവശ്യമായ ഹൈസ്കൂൾതല ഫിസിക്സ്, കെമിസ്ട്രി,ബയോളജി എന്നീ വിഷയങ്ങൾക്ക് 8,9,10 ക്ലാസുകളിലേക്കുള്ള ചോദ്യപെപ്പർ ഡയറ്റിന്റെ നേതൃത്വത്തിലാണ് തയ്യാറാക്കിയത്.കൂടാതെ 8,9,10 ക്ലാസുകളിലെ ഹിന്ദി വിഷയവുമായി ബന്ധപ്പെട്ട് 2017-18 വർഷത്തെ മൂന്ന് ടെർമിനൽ പരീക്ഷകൾക്കുമുള്ള 3 സെറ്റ് വീതമുള്ള ചോദ്യരൂപങ്ങൾ തയ്യാറാക്കിയതും എറണാകുളം ഡയറ്റാണ്.

### 3.2. സമഗ്ര.

നമ്മുടെ ക്ലാസ് മുറികൾ ഹൈടെക് ആക്കുക എന്നത് പൊതു വിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നാണ്. ലക്ഷ്യസാക്ഷാത്കാരത്തിനായി കമ്പ്യൂട്ടർ, അനുബന്ധ സാമഗ്രി

കൾ എന്നിവ ഘട്ടം ഘട്ടമായി ഉറപ്പാക്കുന്ന പ്രവർത്തനം പുരോഗമിക്കുകയാണ്. ഒപ്പം ഒരധ്യാപകന് ക്ലാസ് കൈകാര്യം ചെയ്യാനാവശ്യമായ ഇതര അക്കാദമിക സാമഗ്രികൾകൂടി ലഭ്യമാക്കുക എന്നതാണ് സമഗ്ര എന്ന പദ്ധതിയിലൂടെ ലക്ഷ്യം വെക്കുന്നത്. പേര് സൂചിപ്പിക്കുന്നതുപോലെ 1 മുതൽ 12 വരെ ക്ലാസുകളിലെ പഠനവിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഏതൊരധ്യാപകനും വേണ്ട ടീച്ചിങ് മാന്വൽ, വിഷ്വലുകൾ, പവ്വർപോയന്റുകൾ, ചിത്രങ്ങൾ, അധിക വിവരങ്ങൾ, പ്രധാന ലിങ്കുകൾ തുടങ്ങി സമഗ്രമായ കാര്യങ്ങൾ ഒരു പോർട്ടൽ വഴി അധ്യാപകർക്ക് ലഭ്യമാക്കുകയാണ് സമഗ്രയിലൂടെ ചെയ്യുന്നത്. യു.പിതല ഗണിതം ഹൈസ്കൂൾതലത്തിൽ ബയോളജി എന്നി വിഷയങ്ങളുമായി ബന്ധപ്പെട്ട് സമഗ്രക്കുവേണ്ട സാമഗ്രികൾ തയ്യാറാക്കി പോർട്ടലിൽ ലഭ്യമാക്കിയത് എറണാകുളം ഡയറ്റാണ്. അതിനാവശ്യമായ സാങ്കേതിക സഹായം ജില്ലയിലെ ഐ.ടി@സ്കൂൾ നിർലോഭം ലഭ്യമാക്കുകയുണ്ടായി.

### 3.3.ശ്രദ്ധ.









എല്ലാ ക്ലാസുകളിലേയും മുഴുവൻ വിഷയങ്ങളുമായി ബന്ധപ്പെട്ട സർവ്വ ശേഷികളും എല്ലാകുട്ടികൾക്കും ഉറപ്പാക്കുക എന്നതും പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യമാണ്. ഈ ലക്ഷ്യ സാക്ഷാത്കാരത്തിനായി നിലവിൽ പഠനപിന്നാക്കം നേരിടുന്ന കുട്ടികൾക്കായി വിവിധ പരിപോഷണ പരിപാടികൾ വകുപ്പ് ആവിഷ്കരിക്കുകയുണ്ടായി. മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, ഗണിത വിജയം, റോഷ്നി, എന്റെ മലയാളം എന്നിവ അത്തരത്തിലുള്ള ചില പ്രവർത്തനങ്ങളാണ്.

3, 5, 8 ക്ലാസുകളിലെ മലയാളം,ഗണിതം,ഇംഗ്ലീഷ്,ശാസ്ത്രം എന്നീ വിഷയങ്ങളിലെ പഠനപിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി സംസ്ഥാനതലത്തിൽ ആവിഷ്കരിച്ചു നടപ്പാക്കിയ പദ്ധതിയാണ് *ശ്രദ്ധ.* ഇതുമായി ബന്ധപ്പെട്ട എല്ലാ അക്കാദമിക പ്രവർത്തനങ്ങളും സംസ്ഥാനതലത്തിലാണ് നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ പ്രവർത്തന പാക്കേജ് അടങ്ങിയ *ശ്രദ്ധ* എന്നപേരിലെ ഹാൻഡ്ബുക്ക് പ്രിന്റ്ചെയ്ത് ജില്ലയിലെ അധ്യാപകർക്ക് പരിശീലനംനൽകിയത് എറണാകുളം ഡയറ്റാണ്.

മുകളിൽ പറഞ്ഞ സാമഗ്രികൾക്ക് പുറമെ

- ✓ 2017 -ലെ എൽ.എസ്.എസ് വിജയികൾക്കുള്ള സർട്ടിഫിക്കറ്റ്,
- ✓ വിവിധ പരിശീലനങ്ങൾക്കുള്ള മോഡ്യൂളുകൾ,
- ✓ അക്കാദമിക്ക് മാസ്റ്റർപ്ലാനുമായി ബന്ധപ്പെട്ട ഹാൻഡ് ഔട്ട്,
- ✓ ഒ.എസ്.എം.എസ്സ് - വിസിറ്റിനായുള്ള നിരീക്ഷണ സൂചകങ്ങൾ.
- ✓ ഡയറ്റിന്റെ 2017-18 വർഷത്തെ പ്രവർത്തന ഡോക്യുമെന്റേഷൻ,
- ✓ എഫ്.ഡി.പി- സ്റ്റഡി/സന്ദർശന റിപ്പോർട്ട്

എന്നിവയും എറണാകുളം ഡയറ്റ് 2017-18 അക്കാദമിക വർഷത്തിൽ തയ്യാറാക്കുകയുണ്ടായി

# അധ്യായം.4. ഗവേഷണങ്ങൾ

2017-18 വർഷത്തെ ഡയറ്റിന്റെ വാർഷിക പദ്ധതിയിൽ കുട്ടികളുടെ ഗണിതശേഷിയുമായി ബന്ധപ്പെട്ട പഠനം, ഐ.ടി.ഇ അധ്യാപകർക്കായുള്ള ആക്ഷൻ റിസർച്ച്, ഫാക്കൽട്ടി ഇംപ്രൂവ്മെന്റിന്റെ ഭാഗമായി ഇതര സംസ്ഥാനത്തെ വിദ്യാഭ്യസ സംവിധാനത്തെ കുറിച്ചുള്ള പഠനം എന്നിവയാണ പ്ലാൻ ചെയ്തത്. എന്നാൽ ദേശീയതലത്തിൽ എൻ.സി.ഇ.ആർ.ടി- യുടെ നേതൃത്വത്തിൽ നാഷണൽ അച്ചീവ്മെന്റ് സർവ്വേ എന്ന പേരിൽ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾതലങ്ങളിലെ ഗണിത പഠനനേട്ടവുമായി ബന്ധപ്പെട്ട് ഇതിനകം തന്നെ പഠനം നടന്നതിനാൽ ഗണിതവുമായി ബന്ധപ്പെട്ട പഠനം ഡയറ്റിന്റെ നേതൃത്വത്തിൽ വീണ്ടും ആവർത്തിക്കപ്പെടേണ്ടതില്ല എന്ന് തീരുമാനിക്കുകയായിരുന്നു.

### 4.1. പ്രീ പ്രൈമറി സ്കൂളുകളുടെ അവസ്ഥാപഠനം.

എസ്.ഇ.ആർ.ടി-യുടെ നിർദ്ദേശപ്രകാരം ഡയറ്റ് ഏറ്റെടുത്ത് നടത്തിയ ഒരു സുപ്രധാന പഠനമായിരുന്നു ഇത്. മുൻകൂട്ടി തയ്യാറാക്കിയ വിവരശേഖരണ ടൂൾ ഉപയോഗിച്ച് ജില്ലയിലെ മുഴുവൻ പ്രീപ്രൈമറി സ്ഥാപനങ്ങളുടേയും ഭൗതികാന്തരീക്ഷം, വൈകാരികാന്തരീക്ഷം, അധ്യാപക യോഗ്യത, ശിശുസുരക്ഷിതത്വം, അധ്യാപകരുടെ അക്കാദമിക പ്രശ്നങ്ങൾ, തുടങ്ങി സമഗ്രമായ കാര്യങ്ങളുടെ വിവരശേഖരണം നടത്തുകയും റിപ്പോർട്ട് തയ്യാറാക്കുകയുമുണ്ടായി. പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിലാണ് പ്രീ പ്രൈമറിമേഖലയിൽ സംസ്ഥാനതലത്തിൽ പിന്നീടുണ്ടായ പാഠ്യപദ്ധതി നവീകരണം നടന്നിട്ടുള്ളത്.

### 4.2. ക്രിയാഗവേഷണം.

ടി.ടി.ഐ-കളിലെ ടീച്ചർ എഡ്യൂക്കേറ്റർമാരെ ക്രിയാഗവേഷണത്തിൽ പ്രാപ്തരാക്കുക എന്നതാണ് ഈ വർഷം ഊന്നൽ നൽകിയ ആശയം.

- ✓ ക്രിയാഗവേഷണം എന്ത്? എങ്ങനെ?
- ✓ ക്രിയാ ഗവേഷണ പ്രൊപ്പോസൽ എങ്ങനെ തയ്യാറാക്കാം?



എന്നീ ആശയങ്ങൾ വെച്ച് ഏകദിന പ്രാരംഭ പരിശീലനം നൽകി. രണ്ടാം ഘട്ടത്തിൽ പങ്കാളികൾ അവരവർക്ക് അനുഭവപ്പെട്ട ഒരു അക്കാദമികപ്രശ്നം തെരഞ്ഞെടുക്കുകയും അതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ തയ്യാറാക്കുകയും ചെയ്തു.തയ്യാറാക്കിയ പ്രൊപ്പോസൽ പരിശോധിച്ച് മെച്ചപ്പെടുത്തുകയും ക്രിയാഗവേഷണ പ്രക്രിയക്ക് അനുമതി നൽകുകയുമുണ്ടായി. അനുമതി ലഭിച്ചവർ ഗവേഷണം പൂർത്തിയാക്കി നിർദ്ദിഷ്ടമാതൃകയിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

പ്രധാന ഗവേഷണങ്ങൾ

- മികച്ച വായനാനുഭവം ഉറപ്പാക്കുന്നതിനുള്ള തന്ത്രങ്ങൾ
- ഗണിതത്തിലെ പ്രശ്നാപഗ്രഥന ശേഷി എങ്ങനെ ഫലപ്രദമായി കൈവരിക്കാം.
- കവിതയുടെ ആസ്വാദനക്കുറിപ്പ് എങ്ങനെ ഭാവനാപൂർണ മാക്കാം
-
-

## 4.3. ഫാക്കൽട്ടി ഡവലപ്പ്മെമെന്റ് പ്രോഗ്രാം.









ഇതര പ്രദേശങ്ങളിലെ വിദ്യാഭ്യാസ സംവിധാനങ്ങൾ, പ്രക്രിയകൾ എന്നിവയെക്കുറിച്ച് ഗവേഷണാത്മകമായ അന്വേഷണങ്ങളിലൂടെ സ്വയം ശാക്തീകരിക്കുന്ന പദ്ധതി എന്ന നിലയിൽ നടപ്പ് വർഷത്തെ എക്സ്പോഷർട്രിപ്പ് പരിപാടിയിൽ ജമ്മുകാശ്മീർ സംസ്ഥാനമാണ് എറണാകുളം ഡയറ്റ് സന്ദർശിച്ചത്.

**ഉദ്ദേശ്യങ്ങൾ.**

1.ജമ്മുകാശ്മീർ സംസ്ഥാനത്തെ താഴെ പറയുന്നവയുടെ നിലവിലുള്ള അവസ്ഥ അന്വേഷിച്ചറിയുന്നതിന്

- ❖ പാഠ്യപദ്ധതി
- ❖ പഠനരീതി
- ❖ പഠനസാമഗ്രികൾ
- ❖ മൂല്യനിർണയം
- ❖ അധ്യാപക ശാക്തീകരണ പ്രക്രിയ
- ❖ അക്കാദമികവും ഭൗതികവുമായ അന്തരീക്ഷം

2. ഡയറ്റ്, എസ്.എസ്.എ, ആർ.എം.എസ്.എ, എസ്.സി. ഇ. ആർ.ടി, തുടങ്ങിയ വിദ്യാഭ്യാസ ഏജൻസികളുടെ ഇടപെടലുകളെക്കുറിച്ച് ധാരണ നേടുന്നതിന്; അവയുടെ പ്രവർത്തനങ്ങൾ കേരളത്തിലെ സമാനഏജൻസികളുടെ പ്രവർത്തനങ്ങളുമായി താരതമ്യം ചെയ്യുന്നതിന്.

3. ജമ്മുകാശ്മീർ സംസ്ഥാനത്തെ അക്കാദമിക മാതൃകകൾ,നൂതന സംരഭങ്ങൾ എന്നിവ കേരളത്തിന്റെ സാഹചര്യത്തിൽ എത്രമാത്രം പ്രസക്തമാണെന്ന് വിശകലനം ചെയ്യുന്നതിന്.

മുകളിൽ കൊടുത്ത ഉദ്ദേശ്യപ്രാപ്തിക്കായി സംസ്ഥാന ത്തെ പ്രാഥമികവിദ്യാലയങ്ങൾ, ഹൈസ്കൂളുകൾ,ഡയറ്റ്, ബി.ആർ.സി/ സി.ആർ.സി എന്നീ സംവിധാനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും, വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. ഒപ്പം വിദ്യാഭ്യാസ പ്രാധാന്യമുള്ള സ്ഥലങ്ങൾ,സ്ഥാപനങ്ങൾ,സംരംഭങ്ങൾഎന്നിവയും സന്ദർശനത്തിൽ ഉൾക്കൊള്ളിക്കുകയുണ്ടായി.

- സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ശ്രീനഗർ
- ഡയറ്റ് ശ്രീനഗർ
- ഡയറ്റ് അനന്തനാഗ്
- ഗവ:ഹൈസ്കൂൾ ദഹവാട്ടു
- ഗവ:ബോയ്സ് മിഡിൽ സ്കൂൾ ബർദിപർദാൻ
- ഗവ: മിഡിൽ സ്കൂൾ സർപ്പോർഖുല്ലൻ
എന്നീ സ്ഥാപനങ്ങളിൽ ഇന്റർവ്യൂ, പങ്കാളിത്തനിരീക്ഷണം, ചർച്ച, രേഖകളുടെ വിശകലനം തുടങ്ങിയ ഉപാധികളിലൂടെ ഗവേഷണാത്മകമായ അന്വേഷണം പൂർത്തിയാക്കുകയും വിവരങ്ങൾ, തിരിച്ചറിവുകൾ, നമ്മുടെ നാടിന് സ്വീകാര്യമായ പ്രവർത്തന മാതൃകകൾ എന്നിവ ഉൾക്കൊള്ളുന്ന റിപ്പോർട്ട് വിദ്യാഭ്യാസവകുപ്പിന് സമർപ്പിക്കുകയുംചെയ്തു.

## അധ്യായം .5. അവലോകന യോഗങ്ങൾ

### 5.1. ഡി.ആർ.ജി വിഷനിങ് വർക്ക്ഷോപ്പ്..



ആവശ്യാധിഷ്ടിതമായ അക്കാദമിക ഇടപെടൽ ഉറപ്പാക്കണമെങ്കിൽ ഇടപെടുന്ന മേഖലയുടെ പരിശീലനാവശ്യങ്ങൾ കൃത്യമായി അവലോകനം ചെയ്യേണ്ടതുണ്ട്. ഹൈസ്കൂൾതലത്തിലെ അധ്യാപക ശാക്തീകരണ മേഖലകൾ കണ്ടെത്തുന്നതിനായി ഓരോ വിഷയത്തിന്റേയും തെരഞ്ഞെടുക്കപ്പെട്ട ഡി.ആർ.ജി അംഗങ്ങളുടെ ഏകദിന ശിൽപശാല സംഘടിപ്പിക്കുകയുണ്ടായി. 13 വിഷയങ്ങളുമായി ബന്ധപ്പെട്ട അധ്യാപക ശാക്തീകരണ സാധ്യതകൾ നിലവിലെ പാഠപുസ്തകങ്ങൾ, ഹാൻഡ് ബുക്ക് എന്നിവ പരിശോധിച്ച് കണ്ടെത്തുകയുണ്ടായി. ഭാവിയിലെ ഹൈസ്കൂൾതല അകാദമിക ഇടപെടലുകൾ തീർച്ചയായും ഈ ആവശ്യങ്ങളെ അധികരിച്ചായിരിക്കണം ആവിഷ്കരിക്കേണ്ടത്.

### 5.2.ടി.ടി.ഐ- സ്ഥാപന മേധാവികളുടെ അവലോകന ആസൂത്രണ യോഗങ്ങൾ.

ജില്ലയിലെ മുഴുവൻ ടി.ടി.ഐ-കളിലെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ശാക്തീകരണ പ്രവർത്തനങ്ങൾ ഉറപ്പാക്കുകയും ചെയ്യേണ്ടത് ഡയറ്റിന്റെ ഉത്തരവാദിത്തമാണ്. പ്രവർത്തന ഏകോപനത്തിന്റെ ഭാഗമായി നടപ്പ് വർഷം 4 യോഗങ്ങൾ സംഘടിപ്പിക്കുകയുണ്ടായി.





### 5.3. ഐ.ഇ.ഡി.സി റിസോർസ് അധ്യാപകരുടെ അവലോകനം.

കഴിഞ്ഞ വർഷം വരെ ഐ.ഇ.ഡി.സി റിസോർസ് അധ്യാപകരുടെ എല്ലാവിധ ഭരണപരമായ കാര്യങ്ങളും അക്കാദമിക പ്രവർത്തനങ്ങളും നിർവ്വഹിച്ചിരുന്നത് ഡയറ്റായിരുന്നു. എന്നാ

ൽ നടപ്പ് വർഷം ആയത് ആർ.എം.എസ്.എ-യാണ്. എന്നാൽ ആർ.എം.എസ്.എ-യുടെ സംസ്ഥാന പ്രോജക്ട് ഡയറകടറുടെ 279/പി.4/2017 നമ്പറിൽ 2017 ജൂലായ് 26-ാം തീയ്യതിയിലെ ഉത്തരവ് പ്രകാരം ഐ.ഇ.ഡി.സി റിസോർസ് അധ്യാപകരുടെ അക്കാദമിക പ്രവർത്തനങ്ങൾ, റിവ്യൂമീറ്റിങ്ങുകൾ, ശാക്തീകരണ പ്രവർത്തനങ്ങൾ എന്നിവ ഡയറ്റിനെ ചുമതലപ്പെടുത്തുകയുണ്ടായി. ആയതിന്റെ വെളിച്ചത്തിൽ രണ്ട് അവലോകന യോഗങ്ങൾ ഡയറ്റ് സംഘടിപ്പിച്ചിട്ടുണ്ട്. സ്കൂൾതല ഇടപെടലുകളെക്കുറിച്ചുള്ള റിവ്യു, പ്ലാനിങ് എന്നിവക്ക് പുറമെ ഇക്കൂട്ടരുടെ അക്കാദമികശാക്തീകരണ ക്ലാസുകളും അവലോകന യോഗവേളയിൽ നടത്തിയിട്ടുണ്ട്.

## അധ്യായം.6.
## റിസോർസ്സെന്റർ
## &
## ഡോക്യുമെന്റേഷൻ.

ജില്ലാതല അധ്യാപകശാക്തീകരണ- ഗവേഷണ സ്ഥാപനം എന്ന നിലയിൽ സ്ഥാപനത്തിന്റെ എല്ലാ ഗുണഭോക്താക്കളെയും തൃപ്തിപ്പെടുത്തുന്ന രീതിയിൽ അക്കാദമികവും, ഭൗതികവും, വൈകാരികവുമായ അന്തരീക്ഷം അനിവാര്യമാണ്. എന്നാൽ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽപോലും പരിമിതികളെ അഭിമുഖീകരിക്കുകയാണ് എറണാകുളം ഡയറ്റ്. എങ്കിലും റിസോർസ് സെന്റർ എന്നനിലയിൽ നിലവിലെ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് താഴെപറയുന്ന സാധ്യമായ കാര്യങ്ങൾ നടത്തുകയുണ്ടായി.




- ✓ നിലവിലുള്ള കമ്പ്യൂട്ടർ, പ്രിന്റർ എന്നിവയുടെ അറ്റകുറ്റപ്പണികൾ,
- ✓ ടെക്നോളജി സപ്പോർട്ട് ഫണ്ട് ഉപയോഗപ്പെടുത്തി ഡസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ, ഓൺലൈൻ യു.പി.എസ്, എ-3 പ്രിന്റർ എന്നിവ വാങ്ങൽ,
- ✓ ആനുകാലികങ്ങളും പത്രങ്ങളും വാങ്ങൽ,
- ✓ ലൈബ്രറിക്കാവശ്യമായ പുസ്തകങ്ങൾ വാങ്ങൽ,
- ✓ ഡി-എഡ് ക്ലാസുകളിൽ ക്ലാസ് ലൈബ്രറി എന്ന ആശയം പ്രാവർത്തികമാക്കൽ,
- ✓ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ജില്ലതല അടിസ്ഥാന വിവരങ്ങളുടെ പാനൽ സജ്ജമാക്കൽ,
- ✓ മൈനർ റിപ്പയറിങ് ഫണ്ടുപയോഗിച്ച് ഡി-എഡ് കുട്ടികളുടെ ശൗച്യാലയങ്ങൾ നവീകരിക്കൽ,
- ✓ ഡയറ്റ് വെബ്ബ്സൈറ്റിന്റെ നവീകരണം.
- ✓

കാലപ്പഴക്കത്താൽ പ്രവർത്തനസജ്ജമല്ലാതായ കമ്പ്യൂട്ടറുകൾ ഭൂരിഭാഗവും സർക്കാറിന്റെ ഇ-വേസ്റ്റ്നിർമാർജന പദ്ധതിയിലൂടെ സ്ഥാപനത്തിൽ നിന്നും ഒഴിവാക്കി. ഈ ഇനത്തിൽ പഴയതും കേടായതുമായ കുറെകൂടി കമ്പ്യൂട്ടറുകൾ അടുത്തഘട്ടത്തിൽ കൈമാറേണ്ടതുണ്ട്.

## അധ്യായം.7. മോണിറ്ററിങ്.

വിദ്യാഭ്യാസജില്ലാതലത്തിലും ഉപജില്ലാതലത്തിലും അക്കാദമിക പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് അക്കാദമിക്ക് കോർഡിനേറ്റർമാരായി ഡയറ്റ് ഫാക്കൽട്ടികളുടെ സേവനം പ്രയോജനപ്പെടുത്തുകയാണ് അംഗീകരിക്കപ്പെട്ട രീതി. ഇത്തരമൊരു അക്കാദമിക സേവനം ജില്ലയിൽ ഉറപ്പാക്കണമെങ്കിൽ 17 ഉപജില്ലാതല അക്കാദമിക്ക് കോർഡിനേറ്റർമാരും 4 വിദ്യാഭ്യാസജില്ലാതല കോർഡിനേറ്റർമാരുമായി ചുരുങ്ങിയത് 21 ഫാക്കൽട്ടി അംഗങ്ങൾ ആവശ്യമാണ്. എന്നാൽ എറണാകുളം ഡയറ്റിൽ നിലവിൽ 6 ഫാക്കൽട്ടികൾ മാത്രമെ ഉള്ളൂ. ഇവരാകട്ടെ രണ്ട് ബാച്ച് ഡി-എഡ് വിദ്യാർത്ഥികൾക്ക് ക്ലാസുകൾ കൈകാര്യം ചെയ്യണം, മാത്രമല്ല ഡയറ്റിന്റെ സ്വന്തം പരിപാടികൾ അസൂത്രണം ചെയ്യുകയും നിർവ്വഹിക്കുകയും വേണം കൂടാതെ എസ്.സി.ഇ.ആർ.ടി പോലുള്ള സംസ്ഥാന സംവിധാനങ്ങളുടെ പ്രവർത്തനങ്ങൾ ഉറപ്പാക്കുകയും വേണം. അതിനാൽ 4 വിദ്യാഭ്യാസജില്ലാതലത്തിൽ മാത്രമായി ഫാക്കൽട്ടികളെ വിന്യസിക്കുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്.

### ഓൺസൈറ്റ് സപ്പോർട്ട് & മോണിറ്ററിങ് സിസ്റ്റം (ഒ.എസ്.എം.എസ്).



കഴിഞ്ഞ വർഷം വരെ സ്കൂൾ സപ്പോർട്ട്മിഷൻ എന്ന രീതിയിൽ ഉപജില്ലാതലത്തിൽ എ.ഇ.ഒ ,ഡയറ്റ് ഫാക്കൽട്ടി എന്നിവരും; വിദ്യാ ഭ്യാസജില്ലാതലത്തിൽ ഡി.ഇ.ഒ, ഡയറ്റ് ഫാക്കൽട്ടി എന്നിവരുമാണ് ഔദ്യോഗികമായി മോണിറ്ററിങ് നടത്തിയിരുന്നത്. എന്നാൽ നടപ്പ് വർഷം മുതൽ ഈ സംവിധാനത്തിന് ഒ.എസ്.എം.എസ് എന്ന് നാമകരണം ചെയ്യുകയുണ്ടായി.വിദ്യാഭ്യാസജില്ലാതലത്തിൽ പ്രതിമാസം ചുരുങ്ങിയത് രണ്ട് സ്കൂളുകളിലായി ഒ.എസ്.എം.എസ് പ്രകാരം മോണിറ്ററിങ് ഉറപ്പുവരുത്തുകയുണ്ടായി. ഇതിനാവശ്യമായ ഒരു ടൂൾ ഇതിനകം തന്നെ ഡയറ്റ് തയ്യാറാക്കി നൽകിയിരുന്നു. ആയത് പ്രയോജനപ്പെടുത്തി സ്കൂൾതല പ്രവർത്തനങ്ങൾ വിലയിരുത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ പറഞ്ഞ പ്രവർത്തനങ്ങൾ കൂടാതെ

- സ്കൂൾ വിസിറ്റുകൾ,
- ടെയ്നിങ് സെന്റർ വിസിറ്റുകൾ,
- ന്യൂ-മാത്ത് പരീക്ഷാമോണിറ്ററിങ്,
- നാഷണൽ അച്ചീവ്മെന്റ് സർവ്വെ ,

എന്നീ പ്രവർത്തനങ്ങളും നടത്തുകയുണ്ടായി.

# അധ്യായം.8. നൂതന പ്രവർത്തനങ്ങൾ

## 8.1. സഹപാഠി-പട്ടിക വർഗ വിദ്യാർത്ഥികൾക്കായുള്ള പ്രത്യേക ഇടപെടൽ ( എസ്.ടി.എസ്.പി പ്രോഗ്രാം).



ജില്ലയിലെ പട്ടികവർഗ വിദ്യാർത്ഥികളുടെ അക്കാദമിക ഗുണപരത വർദ്ധിപ്പിക്കുന്നതിന് വകുപ്പ് ഈ വർഷം 5 ലക്ഷം രൂപ അനുവദിച്ചിരുന്നു. കേവലം 20 ദിവസത്തിനുള്ളിൽ പ്രസ്തുത തുക ഫലപ്രദമായി വിനിയോഗിച്ച് റിപ്പോർട്ട് ചെയ്യാനായിരുന്നു ഉത്തരവ്. സമയ പരിമിതിയിൽ പരിതപിക്കാതെ ലഭ്യമായ സമയത്തിൽ ജില്ലയിലെ പ്രസ്തുത വിഭാഗത്തിലെ കുട്ടികളുടെ ഉന്നമനത്തിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി നിർവ്വഹിക്കാനായി.

**തുടക്കം പഠനത്തിലൂടെ.**

ജില്ലയിലെ പട്ടിക വിദ്യാർത്ഥികൾ നേരിടുന്ന അക്കാദമിക പ്രശ്നങ്ങൾ നേരിട്ടറിയുന്നതിനുള്ള അന്വേഷണമാണ് ആദ്യം നിർവ്വഹിച്ചത്. ഇതിന്റെ ഭാഗമായി ടൈബൽ സ്കൂളുകൾ, ട്രൈബൽ ഹോസ്റ്റലുകൾ, ട്രൈബൽ ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ് അധികാരികൾ എന്നിവരെ നേരിൽ സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കുകയും ''സഹപാഠി' എന്ന പേരിൽ ഒരു പ്രവർത്തനരൂപരേഖ തയ്യാറാക്കുകയുമുണ്ടായി.

സഹപാഠിയുടെ ഭാഗമായി

- ✓ വ്യക്തിത്വ വികസന ക്യാമ്പുകൾ,
- ✓ കായിക വിദ്യാഭ്യാസ ക്യാമ്പുകൾ,
- ✓ കലാവിദ്യാഭ്യാസ ക്യാമ്പുകൾ
- ✓ ട്രൈബൽ ഹോസ്റ്റലുകളിലെ പഠനാന്തരീക്ഷം പരിപോഷിപ്പിക്കുന്നതിനുള്ള ഉപകരണങ്ങൾ വിതരണം ചെയ്യൽ




എന്നിവയാണ് പ്രധാനമായും നടന്നത്. ജില്ലയിലെ 180 കുട്ടികൾക്കായി ഇടനിലക്കാരില്ലാതെ നേരിട്ട് അക്കാദമിക ഇടപെടൽ നടത്താനയത് വലിയ പുണ്യ പ്രവർത്തിയായി അനുഭവപ്പെടുന്നു. ഈ മേഖലയിൽ വിദ്യാഭ്യാസപരമായ ഒട്ടനേകം ഇടപെടലുകളുടെ വർദ്ധിതമായ ആവശ്യകത നിലനിൽക്കുന്നു എന്നതാണ് പൊതുവെയുള്ള ഫീഡ്ബാക്ക്.

### 8.2. പ്രീ-പ്രൈമറി അധ്യാപക ശാക്തീകരണം.

പാഠ്യപദ്ധതി പരിഷ്കരണ പ്രക്രിയയുടെ ഭാഗമായി ഇതിനകം നടന്ന അധ്യാപകശാക്തീകരണപരിപാടികളിൽ അർഹമായ തോതിലുള്ള പ്രാമുഖ്യം ലഭിക്കാതെ പോയ ഒരു വിഭാഗമാണ് നമ്മുടെ പ്രീ-പ്രൈമറി മേഖല. എന്നാൽ കാലാകാലങ്ങളിലുള്ള പാഠ്യപദ്ധതി നവീകരണത്തിന്റെ ഭാഗമായി പ്രീ-പ്രൈമറിതലത്തിലും പാഠ്യപദ്ധതിയും പഠന സമീപനങ്ങളും പരിഷ്കരിക്കപ്പെട്ടിട്ടുണ്ട്. ഈ മേഖലയിലെ സമീപകാല പരിഷ്കരണം നടന്നത് 2017 വർഷത്തിലാണ്.




"കളിപ്പാട്ടം" എന്ന പേരിൽ പ്രസിദ്ധീകരിച്ച നവീന പാഠ്യപദ്ധതി/ അധ്യാപക സഹായി അധ്യാപകരെ പരിചയപ്പെടുത്തുന്നതിനായി സംസ്ഥാനതലം മുതൽ ജില്ലാതലം വരെ വലിയ സന്നാഹമാണ് ഉണ്ടായിട്ടുള്ളത്. സംസ്ഥാനതലത്തിൽ വിദ്യാഭ്യാസ വകുപ്പിന് വേണ്ടി എസ്.സി.ഇ.ആർ.ടി നടത്തിയ ശിൽപശാലയിലാണ് ശാക്തീകരണ പ്രക്രിയയുടെ ഘട്ടങ്ങളും പ്രക്രിയയും തീരുമാനിക്കപ്പെട്ടത്. അതു പ്രകാരം ജില്ലയിലെ പ്രീ-പ്രൈമറി വിഭാഗത്തിൽ സർക്കാറിൽനിന്നും ഹോണറേറിയം കൈപ്പറ്റുന്ന തെരെഞ്ഞെടൂക്കപ്പെട്ട 60 പേർക്ക് ട്രൈ-ഔട്ട് എന്നനിലയിലാണ് പരിശീലനം സംസ്ഥാനതലത്തിൽ വിഭാവന ചെയ്തത്. എന്നാൽ കേവലം തെരെഞ്ഞെടുക്കപ്പെട്ടവരിൽ മാത്രം പരിശീലനം പരിമിതപ്പെടുത്തുന്നതിനേക്കാൾ ഫലപ്രദം എല്ലാ അധ്യാപകർക്കും ഹാൻഡ് ബുക്ക് നൽകി പരിശീലനം നൽകുന്നതാണ് എന്ന പ്രീ-പ്രൈമറി അധ്യാപകരിൽനിന്നും ലഭിച്ച ഫീഡ്ബാക്കിന്റെ വെളിച്ചത്തിൽ നിർദ്ദിഷ്ട 60 പേർക്ക് പുറമെയുള്ള ജില്ലയിലെ മുഴുവൻ അധ്യാപകർക്കും ഡയറ്റ് ഹാൻഡ്ബുക്ക്നൽകി ഏകദിനപരിശീലനം സംഘടിപ്പിക്കുകയുണ്ടായി.

- കുട്ടിയുടെ പ്രകൃതം,
- പഠനത്തിൽ സൂഷ്മതലപ്രക്രിയയുടെ പ്രാധാന്യം,
- "കളിപ്പാട്ട"-ത്തിലെ പ്രവർത്തനങ്ങളിൽ നേരനുഭ വം നേടൽ,
- കമ്പ്യൂട്ടർ അധിഷ്ടിത പ്രവർത്തനങ്ങളിൽ നേര നുഭവൻ നേടൽ,
- ഭിന്നതല കുട്ടികളുടെ പഠന പങ്കാളിത്തവും പരി പാലനവും തുടങ്ങിയവയായിരുന്നു പരിശീലത്തിന്റെ അക്കാദമിക ഉള്ളടക്കം.

വളരെ നല്ല പ്രതികരണമായിരുന്നു ഈ പരിശീലനത്തെക്കുറിച്ച് പങ്കാളികളിൽ നിന്നും ഉണ്ടായത്.

### 8.3. "റോഷ്നി"- ഹിന്ദി അധ്യാപകരുടെ സമഗ്ര ശാക്തീക രണ പരിപാടി.







ശാക്തീകരണപ്രക്രിയയുടെ ആവൃത്തിയും സ്വഭവവും പരിഗണിക്കുമ്പോൾ ഇതരഭാഷകളായ ഹിന്ദി,അറബി,ഉറുദു,സംസ്കൃതം തുടങ്ങിയവയ്ക്ക് അർഹിക്കുന്ന അവസരവും പ്രാധാന്യവും ലഭിച്ചു എന്ന് പറയാനാവില്ല. ഈ ഒരു തിരിച്ചറിവിന്റെ വെളിച്ചത്തിൽ തുടക്കം എന്ന നിലയിൽ ഹിന്ദി വിഷയത്തിന്റെ ഫലപ്രദമായ പഠനം ഉറപ്പാക്കുന്നതിനായി ഡയറ്റ് ആവിഷ്കരിച്ച് നടപ്പാക്കിയ പരിപാടിയാണ് "റോഷ്നി". ജില്ലയിലെ ഒരുകൂട്ടം ഭാവനാശാലികളായ ഹിന്ദി അധ്യാപകരുടെ കൂടിയിരിപ്പാണ് പരിപാടിയുടെ ആദ്യഘട്ടം. ഇവരുടെ ബ്രെയിൻ സ്റ്റോമിങ്ങിലൂടെ വിഭാവനം ചെയ്ത രീതിയിൽ നിലവിലെ കരിക്കുലം വിനിമയം ചെയ്യുന്നതിൽ അധ്യാപകർ അഭിമിഖീകരിക്കുന്ന പ്രശ്നങ്ങൾ,പ്രയാസങ്ങൾ, അവ മറികടക്കുന്നതിനുള്ള പ്രായോഗിക മാർഗങ്ങൾ എന്നിവ സമഗ്രമായി കണ്ടെത്തുകയുണ്ടായി. ഇവയെല്ലാം ചേർന്നുള്ള വിഷൻപേപ്പറും കൈപുസ്തകവും (റോഷ്നി) രൂപീകരിക്കുകമുണ്ടായി.

റോഷ്നിയുടെ കാര്യപരിപാടികളിൽ ആദ്യത്തെ ഇനം അധ്യാപക ശാക്തീകരണമായിരുന്നു. ജില്ലയിലെ മുഴുവൻ ഹിന്ദി അധ്യാപകർക്കും (300 പേർ) രണ്ട് ദിവസത്തെ പരിശീലനം ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുകയുണ്ടായി.

***ദർപൺ***-ഹിന്ദി വിഷയത്തിൽ കുട്ടികളുടെ നിലവാരത്തിന് യോജിച്ച പഠനസാമഗ്രികളുടെ അഭാവം പരിഹരിക്കുന്നതിന് റോഷ്നിയുടെ ഭാഗമായി തയ്യാറാക്കിയ വർക്ക്ബുക്കാണ് ദർപൺ. ഈ സാമഗ്രി അടിസ്ഥാനമാക്കി ജില്ലയിലെ ഹിന്ദി അധ്യാപകർക്ക് തുടർപരിശീലനം നൽകി. പരിശീലനവേളയിൽ അധ്യാപകർക്ക് റോഷ്നി വ്യക്തിഗതമായി നൽകുകയുണ്ടായി.

## അധ്യായം.9. ഇതര ഏജൻസികൾക്കായുള്ള പ്രവർത്തനങ്ങൾ

2017-18 വർഷത്തിൽ ഡയറ്റിന്റെ തനത് പ്രവർത്തനങ്ങൾക്ക് പുറമെ ദേശീയ, സംസ്ഥാനതലങ്ങളിലെ വിവിധ ഏജൻസികൾക്ക് വേണ്ടിയും ഏറെ മനുഷ്യാധ്വാനം ചെലവഴിക്കുകയുണ്ടായി.

### 9.1. ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ. (ഡി.ഇ.എൽ.ഇ.ഡി)



ദേശീയ ഓപ്പൺ സ്കൂൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ രാജ്യത്താകമാനമുള്ള സ്കൂളുകളിൽ തൊഴിൽപരമായ പരിശീലനം ലഭിക്കാത്തവർക്ക് വേണ്ടി രണ്ട് വർഷം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടിയാണ് ഡി.ഇ.എൽ.ഇ.ഡി.

തൃശൂർ,എറണാകുളം ജില്ലകളിലെ സർക്കാർ,എയ്ഡഡ്, അൺഎയ്ഡഡ് മേഖലകളിൽ ജോലിചെയ്യുന്ന പ്രൊഫഷണൽ ക്വാളിഫിക്കേഷൻ ഇല്ലാത്ത 95 അധ്യാപകരാണ് ഈ കോഴ്സിലെ പങ്കാളികൾ. ആദ്യവർഷത്തിൽ 5 വിഷയ മേഖലകളിലാണ് പരിശീലനാനുഭവം നൽകുന്നത്.

ഈ വിഷയമേഖലകളുമായി ബന്ധപ്പെട്ട



- ✓ 15 ദിവസത്തെ പേഴ്സണൽ കോൺടാക്ട് ക്ലാസുകൾ,
- ✓ അസൈൻമെന്റുകളുടെ വിലയിരുത്തൽ,
- ✓ പേഴ്സണൽ കോൺടാക്ട് ക്ലാസുമായി ബന്ധപ്പെട്ട നിരന്തര വിലയിരുത്തൽ, മാർക്ക് നൽകൽ.
- ✓ സ്കൂൾ ബേസ്ഡ് പ്രവർത്തനങ്ങളുടെ നിരന്തര വിലയിരുത്തൽ, മാർക്ക് നൽകൽ.
- ✓ സ്കൂൾബേസ്ഡ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട റിക്കോർഡുകൾ വിലയിരുത്തൽ,മാർക്ക് നൽകൽ.

എന്നിവയാണ് ഈ വർഷം ഡി.ഇ.എൽ.ഇ.ഡി-യുമായി ബന്ധപ്പെട്ട് ഉറപ്പാക്കിയത്.ഇവക്കുപുറമെ 12 ദിവസത്തെ വർക്ക് ബേസ്ഡ് പ്രവർത്തനങ്ങൾ 2018 ഏപ്രിൽ മാസത്തിൽ സമയബന്ധിതമായി നിർവ്വഹിക്കാനുള്ള സന്നാഹങ്ങളും ഡയറ്റ് ഉറപ്പാക്കിയിട്ടുണ്ട്.

### 9.2.പ്രധാനാധ്യാപകർക്കുള്ള മാനേജ്മെന്റ് പരിശീലനം- സീമാറ്റ് കേരള.

ജില്ലയിലെ മുഴുവൻ പ്രധാനാധ്യാപകർക്കും സീമാറ്റ് കേരള ആവിഷ്കരിച്ച ദ്വിദിന പരിശീലനത്തിന്റെ സംഘാടനവും മോണിറ്ററിങ്ങും ആയതിന്റെ റിസോർസ് ഗ്രൂപ്പിനുള്ള പരിശീലനവും നിർവ്വഹിച്ചത് ഡയറ്റാണ്. സീമാറ്റ് നിർദ്ദേശിച്ച സമയപരിധിക്കുള്ളിൽ നിന്നുകൊണ്ട് ജില്ലയിൽ ഒരേ സമയം മുഴുവൻ ഉപജില്ലകളിലേയും വിദ്യാഭ്യാസ ജില്ലകളിലേയും പരിശീലനങ്ങൾ ഏകോപിപ്പിക്കുക എന്നത് തികച്ചും വെല്ലുവിളിയായിരുന്നു.



### 9.3. ചോദ്യബാങ്ക്.

സമഗ്ര എന്ന പോർട്ടലിനെക്കുറിച്ച് മുൻ അധ്യായത്തിൽ പരാമർശിച്ചു കഴിഞ്ഞതാണ്. സമഗ്ര പോർട്ടലിന്റെ ഭാഗമായി എല്ലാ വിഷയങ്ങളുടെയും ചോദ്യരൂപങ്ങളുടെ സമഗ്രമായ സാമ്പിളുകൾ ലഭ്യമാക്കുക എന്നതാണ് ഇതിന്റെ സത്ത. ഹൈസ്കൂൾ ക്ലാസുകളിലെ ജീവശാസ്ത്രം, പ്രൈമറിക്ലാസു കളുടെ ഗണിതം എന്നിവക്കുള്ള ക്വസ്റ്റ്യൻപൂൾനിർമിച്ചത് ഡയറ്റാണ്.

വിവിധ ഏജൻസികളുമായി ബന്ധപ്പെട്ട് മേൽ പറഞ്ഞ പ്രവർത്തനങ്ങൾ കൂടാതെ

- നാഷണൽ അച്ചീവ്മെന്റ് സർവ്വേ - എം.എച്ച്.ആർ.ഡി,
- ഡി-എഡ് പഠനം - എസ്.സി.ഇ.ആർ.ടി,
- റോൾ പ്ലേ മത്സരം - എസ്.സി.ഇ.ആർ.ടി,
- സ്റ്റുഡന്റ് പോലീസ് - പഠനം- എസ്.സി.ഇ.ആർ.ടി,
- ജില്ലാവിദ്യാഭ്യാസ പദ്ധതി രൂപീകരണം- ജില്ലാ പ്ലാനിങ് ബോർഡ്

എന്നിവക്ക് വേണ്ടിയും ഡയറ്റ് ഇതര ഏജൻസികളുമായി കൈകോർക്കുകയും നേതൃത്വപരമായ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്.

## അധ്യായം.10 പ്രീ സർവ്വീസ്.

സ്വന്തം സ്ഥാപനത്തിലെ ഡി-എഡ് വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള സേവനപൂർവ്വ പരിശീലനം നൽകുകയും അതിലുപരി ജില്ലയിലെ പ്രീസർവ്വീസ് സ്ഥാപനങ്ങളിലെ അക്കാദമിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും മോണിറ്റർ ചെയ്യുകയും അക്കാദമിക ശാക്തീകരണം നടത്തുകയുമാണ് ഡയറ്റിൽ നിക്ഷിപ്തമായ കർത്തവ്യം.ഫാക്കൽട്ടി അംഗങ്ങളുടെ അംഗബലത്തിലെ പരിമിതി ഇക്കാര്യത്തിലും പ്രതിസന്ധികൾ സൃഷ്ടിക്കുന്നുണ്ടെങ്കിലും കഴിയുന്നത്ര ഈ മേഖലയോടുള്ള ചുമതല നിർവ്വഹിക്കുന്നതിൽ ഡയറ്റ് ബദ്ധശ്രദ്ധ പുലർത്തുന്നു. ജില്ലയിലെ അധ്യാപകപരിശീലനസ്ഥാപനങ്ങളുടെ അക്കാദമിക മികവിനായി താഴെപറയുന്ന പ്രവർത്തനങ്ങളാണ് ഡയറ്റ് ഈവർഷം നടപ്പിലാക്കിയിട്ടുള്ളത്.





- അധ്യാപക പരിശീലനസ്ഥാപന മേധാവികളുടെ പ്രതിമാസ റിവ്യൂ-പ്ലാനിങ് മീറ്റിങ്ങുകൾ.
- ടീച്ചർ എഡ്യൂക്കേറ്റർമാർക്ക് ആക്ഷൻ റിസർച്ച് മേഖലയിൽ പരിശീലനവും ആക്ഷൻ റിസർച്ച് ചെയ്യാനും റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനുമുള്ള അവസരം.
- ജില്ലാ പ്രായോഗിക പരീക്ഷാ ബോർഡ് രൂപീകരണം ശാക്തീകരണം, സ്ഥാപനങ്ങളെ വിലയിരുത്തൽ, നിരന്തര വിലയിരുത്തൽ ഫലങ്ങൾ ഏകീകരിക്കൽ, മാർക്ക് അപ്ലോഡ് ചെയ്യൽ.
- ഡയറ്റ് പ്രീസർവ്വീസ് മേഖലയുടെ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ, ഇതര അധ്യാപക പരിശീലന സ്ഥാപനങ്ങൾക്ക് ഈ മേഖയിൽ അക്കാദമിക പിന്തുണ നൽകൽ.



## ഡി-എഡ്.

ഒന്നും രണ്ടും വർഷങ്ങളിലായി മൊത്തം 72 അധ്യാപക വിദ്യാർത്ഥികളാണ് ഡയറ്റിൽ പരിശീലനം നടത്തുന്നത്. അധ്യാപക വിദ്യർത്ഥികൾ നടത്തുന്ന വേറിട്ട പ്രവർത്തനങ്ങളിൽ



- ലാബ് സ്കൂളിലെ അക്കാദമിക പ്രവർത്തനങ്ങൾ,
- നിർധനരായ കുട്ടികൾക്ക് ധനസമാഹരണം തുടങ്ങിയ സാമൂഹ്യസേവന പ്രവർത്തനങ്ങൾ
- ഡി-എഡ് മാഗസിൻ

എന്നിവയാണ് പ്രസക്തമായവ.

## അധ്യായം.11. സാമൂഹ്യപരവും സ്ഥാപനപരവുമായ പങ്കാളിത്തം.

ഡി-എഡ് വിദ്യാർത്ഥികളുടെ ഏത് കാര്യത്തിലും ക്രിയാത്മകമായി ഇടപെടുന്ന പി.ടി.എ ഡയറ്റിന്റെ സൗഭാഗ്യമാണ്. സ്ഥാപനത്തിന്റെ ശോചനീയമായ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പി.ടി.എ ഭാരവാഹികൾ സ്ഥലം എം.എൽ.എ-യായ ശ്രീ എൽദോസ് കുന്നപ്പള്ളി അവർകളെ സമീപിക്കുകയുണ്ടായി. ഇതിന്റെ ഫലമായി അധ്യാപക വിദ്യാർത്ഥികൾക്ക് പഠിക്കുന്നതിനായി നവീകരിച്ച രണ്ട് ക്ലാസ് മുറികളും ശുചിമുറികളും ഡയറ്റിന്റെ നിലവിലുള്ള അഡ്മിനി സ്ട്രേറ്റീവ് ബ്ലോക്കിന്റെ മുകളിലായി നിർമ്മിക്കുന്നതിനുള്ള നടപടികൾ തുടങ്ങികഴിഞ്ഞു. ഒരുപക്ഷേ അടുത്ത അക്കാദമിക വർഷത്തോടെ പ്രീസർവ്വീസ് അധ്യാപക പരിശീലനം നേരിടുന്ന ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത ഒരളവോളം പരിഹരിക്കാൻ ഈ ഇടപെടൽ സഹായിക്കുമെന്ന് ഉറപ്പാണ്.



സാമൂഹ്യ പ്രസക്തിയുള്ള അനേകം മഹത്വ്യക്തികൾ പഠിച്ച സ്ഥാപനം എന്നനിലയിൽ ഡയറ്റിനും ലാബ്സ്കൂളിനും അത്തരമാളുകൾ അധിവസിക്കുന്ന പ്രദേശം എന്നനിലയിൽ കുറുപ്പംപടി പ്രദേശത്തിനും പെരുമയുടെ നിറവുണ്ട്.

ഡോ:ബാബുപോൾ ഐ.എ.എസ് എന്ന വ്യക്തിത്വം സ്ഥാപനത്തോട് ഏറെ കരുതൽ പുലർത്തുന്ന മാന്യദേഹമാണ്. ഒരുപക്ഷേ കുറുപ്പംപടി എന്ന സ്ഥലത്തുതന്നെ എറണാകുളം ഡയറ്റ് സ്ഥാപിക്കപ്പെടാൻ ഭരണതലത്തിൽ തീരുമാനിക്കപ്പെട്ടത് അദ്ദേഹത്തിന്റെ ദീർഘവീക്ഷണ ഫലമാണ്. ഈ അടുത്ത കാലത്തായി അദ്ദേഹം ഡയറ്റ് സന്ദർശിച്ച വേളയിൽ അദ്ദേഹത്തിന്റെ ദിവംഗതയായ മാതാവിന്റെ സ്മരണാർത്ഥം ഡയറ്റിന്റെ കെട്ടിടത്തിന് പൂമുഖത്തോടുകൂടിയ മുറിയും ലൈബ്രറിയും നിർമിക്കുമെന്ന വാഗ്ദാനം നൽകുകയുണ്ടായി. ആയതിന് വിദ്യാഭ്യാസവകുപ്പിൽ നിന്നും അനുമതി ലഭിച്ചുകഴിഞ്ഞു. നിർമാണ പ്രവർത്തനങ്ങൾക്ക് ചുമതലപ്പെടുത്തിയ ***ഹാബിറ്റാറ്റ്*** എന്ന സ്ഥാപനം അടുത്തമാസത്തിൽ തന്നെ കെട്ടിട പ്രവേശക മുറിയുടെ പ്രവർത്തനങ്ങൾ സമാരംഭിക്കുകയും



അടുത്ത അക്കാദമിക വർഷത്തോടെ പ്രവർത്തനസജ്ജമാവുകയും ചെയ്യുമെന്ന് കരുതുന്നു.

പ്രാദേശിക ഭരണകൂടം എന്ന നിലയിൽ എറണാകുളം ജില്ലാപഞ്ചായത്ത് ഡയറ്റിന്റെ കാര്യത്തിൽ കരുതലെടുക്കുന്ന സ്ഥാപനമാണ്.



- പ്രീ സർവ്വീസ് വിദ്യാർത്ഥികളുടെ രണ്ട് ക്ലാസ്മുറികളിലും ക്ലാസ് ലൈബ്രറിക്കാവശ്യമായ അലമാരകൾ,സ്റ്റീൽ റാക്കുകൾ എന്നിവ ലഭ്യമാക്കൽ,
- കാമ്പസിലെ അപകടാവസ്ഥയിലുള്ള മരം മുറിച്ചു മാറ്റുന്നതിനുള്ള ധനസഹായം ലഭ്യമാക്കൽ,
- ഇരിപ്പിടങ്ങളുടെ കേട്പാടുകൾ തീർക്കുന്നതിനുള്ള ധനസഹായം ലഭ്യമാക്കൽ,
- ലാബ് സ്കൂളിന് 3 ലാപ്പ്ടോപ്പുകൾ ലഭ്യമാക്കൽ

എന്നീ പ്രവർത്തനങ്ങൾ സമീപകാലത്ത് ജില്ലാപഞ്ചായത്ത് നടത്തിയ ഇടപെടലുകളാണ്.



2018 മാർച്ച് 15-ാം തീയ്യതി ജില്ലാപഞ്ചായത്ത് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മറ്റി ചെയർപേർസൺ ശ്രീമതി: ജാൻസി ജോർജ്ജ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി: മിനിബാബു, വാർഡ്മെമ്പർ ശ്രീമതി:മേരി പൗലോസ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ കമ്പ്യൂട്ടർ വിതരണവും അലമാരയുടെ താക്കോൽദാനവും നടക്കുകയുണ്ടായി. തദവസരത്തിൽ ജില്ലാപഞ്ചായത്തിന്റേയും എം.എൽ.എ, എം.പി എന്നിവരുടേയും ഫണ്ടുകൾ തുടർന്ന് വരുന്ന വർഷങ്ങളിൽ ഡയറ്റിനും ലാബ്സ്കൂളിനുംവേണ്ടി സ്വരൂപിക്കാനുള്ള സമ്മർദ്ദമുണ്ടാകുമെന്ന് ജനപ്രതിനിധികൾ വാക്കു തരുകയുണ്ടായി.

സ്ഥാപനപരമായി ഡയറ്റിനെ സഹായിക്കാൻ ചുമതലപ്പെട്ടത് വിദ്യാഭ്യാസ വകുപ്പാണ്. ഡയറ്റ് കേന്ദ്രീകരിച്ച് ഡിസ്ട്രിക്ട് സെന്റർ ഓഫ് ഇംഗ്ലീഷ് എന്ന സംവിധാനം സമീപസ്ത ഭാവിയിൽ യഥാർത്ഥ്യമാകുന്നതാണ്. ഇതിനായി എഴുപത്തയ്യായിരം രൂപയുടെ ഫർണീച്ചറുകൾ വാങ്ങിക്കഴിഞ്ഞു.

ഡി.പി.ഐ പ്രത്യേകമായി അനുവദിച്ച ഒരു ലക്ഷം രൂപക്കുള്ള മൈനർ റിപ്പയർ ഫണ്ട് ഉപയോഗപ്പെടുത്തി ഡി-എഡ് കുട്ടികളുടെ ശൗച്യാലയം നവീകരിക്കുകയുണ്ടായി.

2018 ജനുവരി മാസത്തിൽ അന്നത്തെ വിദ്യാഭ്യാസ സെക്രട്ടറിയായിരുന്ന ശ്രീമതി:ഉഷാടൈറ്റസ് ഐ.എ.എസ് ഡയറ്റ് സന്ദർശിക്കുകയുണ്ടായി. അസാപ്പിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി ഡയറ്റിന് പുതിയ കെട്ടിട നിർമാണവും നിലവിലെ ഹോസ്റ്റലുകളുടെയും, ക്വാർട്ടേഴ്സുകളുടെയും നവീകരണവും നടക്കുമെന്ന് അവർ വഗ്ദാനം ചെയ്തിട്ടുണ്ട്





## അധ്യായം 12. ലാബ് സ്കൂൾ പ്രവർത്തനങ്ങൾ.

കേരളത്തിലെ 8 ഡയറ്റുകളോട് ചേർന്നുമാത്രമാണ് ലാബ് സ്കൂൾ എന്ന സങ്കൽപത്തിൽ പ്രൈമറി സ്കൂളുകൾ പ്രവർത്തിക്കുന്നത്. എറണാകുളം ഡയറ്റ് ലബ് യു.പി സ്കൂൾ അതിന്റെ 164-ാം ജന്മദിന നിറവിലാണ്. മഹാകവി ജി.ശങ്കരക്കുറുപ്പ്, മുൻ ചീഫ് സെക്രട്ടറി ഡോ: ഡി.ബാബുപോൾ ഐ.എ.എസ് തുടങ്ങിയ മഹത്വ്യക്തിത്വങ്ങൾക്ക് അറിവിന്റെ ബാലപാഠങ്ങൾ പകർന്നുനൽകിയ സ്ഥാപനം എന്ന നിലയിൽ സ്കൂളിന് ഖ്യാതിയുണ്ട്.1992-ൽ ഡയറ്റ് രൂപീകൃതമായതോടെ അന്നത്തെ ബേസിക്ക് സ്കൂൾ ഡയറ്റിനോട് ചേർന്ന് ലാബ് സ്കൂൾ എന്നനിലയിൽ പ്രവർത്തിച്ചുവരികയാണ്. പ്രത്യേക പ്രധാനാധ്യാപകൻ ഇല്ലാത്തതിനാൽ ഡയറ്റ് പ്രിൻസിപ്പാൾ തന്നെയാണ് ലാബ് സ്കൂളിന്റെ ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നത്. അക്കാദമികകാര്യങ്ങൾ വിഭാവനം ചെയ്തരീതിയിൽ നടക്കുന്നു എന്നുറപ്പാക്കാനായി ഒരു ഫാക്കൽട്ടി അംഗത്തിന്റെ സേവനവും നൽകിവരുന്നു. അധ്യാപകരുടെ കൂട്ടയമയുടേയും ഗുണപരമായ ഇടപെടലുകളുടേയും ഫലമായി ഇടക്കാലത്ത് കുട്ടികൾ തീരെ കുറഞ്ഞുപോയ നിലയിൽ നിന്നും സ്കൂൾ കരകയറുകയുണ്ടായി. പ്രീപ്രൈമറി അടക്കം 87 കുട്ടികൾ പഠിക്കുന്ന സ്കൂളിൽ ശിശുകേന്ദ്രീകൃതമായ ഏതൊരു വിദ്യാലയത്തിലും ദർശിക്കാൻ കഴിയുന്ന എല്ലാ അക്കാദമിക പ്രവത്തനങ്ങളും നടക്കുന്നുണ്ട്. ഫലപ്രദമായ പഠന-ബോധന പ്രവർത്തനങ്ങൾ, മാതൃകാപരമായ ജനപങ്കാളിത്തം, പഠന ഉൽപന്നങ്ങളുടെ രൂപീകരണം എന്നിവയെല്ലാം ഇതിന്റെ ഫലമാണ്. നടപ്പ് വർഷം നടത്തിയ പ്രസകതമായ ചില പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

**1.ആദരം-.2017.**

സ്ഥാപനത്തിൽ ഇദംപ്രഥമമായി കലാമേളയി ൽ ജില്ലാ-സംസ്ഥാനതലത്തിൽ വിജയിയെ സൃഷ്ടിക്കാൻസ്കൂളിനായി. വെജിറ്റബിൾ പ്രിന്റിങ് ഇനത്തിൽ മാസ്റ്റർ: വിഷ്ണുവാണ് ഈ സൗഭാഗ്യം സ്ഥാപനത്തിലേക്കെത്തിച്ചത്. വിഷ്ണുവിനെ അനുമോദിക്കുവാൻ നടത്തിയ കൂടിയാലോചനായോഗത്തിൽ വിഷ്ണുവിനെ ആദരിക്കുന്ന ചടങ്ങ് കൂടാതെ സ്കൂളിലെ അധ്യാപകർ, പൂർവ്വാധ്യാപകർ എന്നിവരെ ആദരിക്കൽ, പൂർവ്വവിദ്യാർത്ഥികളുടെ ഉപഹാരങ്ങൾ ഏറ്റുവാങ്ങൽ,പൂർവ്വവിദ്യാർത്ഥിനി ജിഷയുടെ സ്മരണാർത്ഥം മാതാവ് ഏർപ്പെടുത്തിയ റോളിങ് ട്രോഫി, ക്യാഷ് അവാർഡ് എന്നിവ ഏറ്റുവാങ്ങൽ, ഡി-എഡ് കുട്ടികൾ നൽകുന്ന ധനസഹായ വിതരണം മുതലായവക്കെല്ലാം ഇടംനൽകുന്ന നിലയിലേക്ക് ***ആദരം 2017*** വളർന്നു.ചടങ്ങിൽ മുഖ്യാതിധിയായി പൂർവ്വ വിദ്യാർത്ഥിയും മുൻ ചീഫ് സെക്രട്ടറിയുമായിരുന്ന ഡോ: ബാബുപോൾ ഐ.എ.എസ് ആയിരുന്നു. പ്രസ്തുത ചടങ്ങിൽ വെച്ചാണ് അദ്ദേഹത്തിന്റെ മാതാവിന്റെ ഓർമക്കായി ഡയറ്റിനോട് ചേർന്ന് കുട്ടികളുടെ ലൈബ്രറിയടക്കമുള്ള സന്ദർശകസൗഹൃദമായമുറി എന്നതിന്റെ പ്രഖ്യാപനമുണ്ടായത്





2. സഹപാഠികൾക്ക് കൈത്താങ്.

സ്നേഹം, അനുകമ്പ തുടങ്ങിയ മൂല്യങ്ങൾ പഠിപ്പിച്ചെടുക്കേണ്ടതല്ല മറിച്ച് അവ സ്വാഭാവികമായി ആർജ്ജിക്കുന്ന ഇടപെടകുകളിൽ പങ്കാളിയാകുന്നതിലൂടെ ഇത്തരം വികാരങ്ങൾ സ്വരൂപിക്കപ്പെടുക യാണ് വേണ്ടത് എന്ന പാഠ്യപദ്ധതി സമീപനത്തിന്റെ ദൃഷ്ടാന്തമാ ണ് സ്കൂളിൽ നിലനിൽകുന്നത്. ജീവകാരുണ്യപ്രവർത്തനങ്ങൾ നിർലോഭം സ്കൂളിൽ നടന്നുവരുന്നു. ഓണം, ക്രിസ്തുമസ് പോലു ള്ള ആഘോഷങ്ങൾ കുട്ടികൾ സമൃദ്ധമായി ആഘോഷിക്കുന്ന പതിവ് രീതിയിൽ നിന്നും വ്യത്യസ്തമായി നിർധനരായ കുട്ടികൾക്ക് കുട്ടികൾതന്നെ ധനസമാഹരണം നടത്തി ഉത്സവ കിറ്റുകൾ നൽകി ക്കൊണ്ടാണ് ആഘോഷം നടക്കുന്നത്. മാത്രമല്ല രോഗശയ്യയിലുള്ള കുട്ടികൾ, ശസ്ത്രക്രിയ ആവശ്യമായ സഹപാഠികൾ എന്നിവർക്കും കുട്ടികളുടെ സ്നേഹ സഹായം ലഭ്യമാക്കുന്നുണ്ട്.







3.നിറവ്-2018

സ്ഥാപനത്തിന്റെ 164-ാം വാർഷികദിനത്തോടനു ബന്ധിച്ച് സമൂഹ സംഗമം 2018 ഫെബ്രുവരി 17-ന് നടക്കുകയുണ്ടായി. ജനപ്രതിനി ധികൾ,പൗരമുഖ്യർ,പൂർവ്വാധ്യാപകർ,പൂർവ്വവിദ്യാർത്ഥികൾ എന്നി വർ പങ്കെടുത്ത ചടങ്ങിൽ സ്കൂളിന്റെ വാർഷിക കലണ്ടർ പ്രകാശ നവും, അക്കാദമിക് മാസ്റ്റർപ്ലാൻ സമർപ്പണവും,സർവ്വീസിൽനിന്നും പിരിയുന്ന സീനിയർ ലക്ചറർ ശ്രീ:മുഹമ്മദ് റഫീഖ്, ലാബ് സ്കൂൾ അധ്യാപകൻ ശ്രീ.രാജു എന്നിവർക്ക് സമുചിതമായ യാത്രയയപ്പും നൽകുകയുണ്ടായി.

## ഉപസംഹാരം

നടപ്പുവർഷം ഏറ്റെടുത്ത മൊത്തം പ്രവർത്തനങ്ങൾ വിശകലനം ചെയ്യുമ്പോൾ ഏറ്റെടുത്ത ഭൂരിഭാഗം പ്രവർത്തനങ്ങളും പൊതുവി ദ്യാഭ്യാസ സംരക്ഷൻണ യജ്ഞത്തിന് ആക്കം കൂട്ടുന്നവയാണെന്ന ബോധ്യവും കൃതജ്ഞതയും ഞങ്ങൾക്കുണ്ട്.

പരിമിതികളിൽ പരിതപിക്കുമ്പോഴും നിഷ്ക്രിയതയെ അകറ്റി നിർ ത്താൻ ഏറെ ശ്രമം സ്ഥാപനത്തിന്റെ പക്ഷത്തുനിന്നും ഉണ്ടായ വർ ഷം എന്നനിലയിൽ 2017-18 അക്കാദമികവർഷം അടയാളപ്പെടുത്തു ന്നു. ഉദാത്തവും മോഹനവുമായ ഇടപെടലുകൾ നടത്താനായില്ലെ ങ്കിലും ഉള്ള അംഗബലം കൊണ്ട് നേടാൻ കഴിയുന്ന കാര്യങ്ങൾക്ക് ശ്രദ്ധപതിപ്പിക്കാനുള്ള ശ്രമം അക്കാദമിക കാര്യങ്ങൾക്ക് നേതൃത്വം നൽകുന്ന ഫാക്കൽട്ടികളിൽനിന്നും അക്കാദമികേതര ജീവനക്കാരി ൽ നിന്നും ഉണ്ടായി എന്നത് ഭാവിയിലെ കൂടുതൽ മികവാർന്ന അ ക്കാദമിക സാധ്യതകളിലേക്ക് വിരൽചൂണ്ടുന്നു.

| സാമ്പത്തിക വിശകലനം – ഒറ്റനോട്ടത്തിൽ | |
|---|---|
| പ്രോഗ്രാം & ആക്ടിവിറ്റീ- | 15 ലക്ഷം |
| ഫാക്കൽട്ടി ഡവലപ്പെന്റ്- | 1ലക്ഷം |
| ടെക്നോളജി സപ്പോർട്ട്. | 1.99 ലക്ഷം. |
| കണ്ടിജൻസി ചാർജ്ജ്. | 1.6 ലക്ഷം. |
| എസ്.ടി.എസ്.പി പ്രോഗ്രാം. | 5 ലക്ഷം |
| മൈനർ റിപ്പയർ. | 1 ലക്ഷം. |
| ഡിസ്ട്രിക്ട് സെന്റർ ഫോർ ഇംഗ്ലീഷ്. | 0.75 ലക്ഷം |
| വെഹിക്കിൾ ഹയറിങ്. | 0.9 ലക്ഷം. |
| സീമാറ്റ് ട്രെയ്നിങ്. | 2.64 ലക്ഷം |
| റോൾ പ്ലേ – എസ്.ഇ.ആർ.ടി. | 0.097 ലക്ഷം. |

